# വേഗതയുടെ ദൈവശാസ്ത്രം: ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ജീവിതാവേഗം

അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയെപ്പറ്റി ചിന്തിക്കുമ്പോൾ എപ്പോഴും വലിയ വേഗതയിൽ നടക്കുകയും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തിയായിട്ടാണ് മനസ്സിൽ പതിയുന്ന ചിത്രം.

അദ്ദേഹത്തിന്റെ വ്യക്തിത്വമുദ്രയായ ഈ വേഗതയ്ക്ക് ക്രിസ്തീയമായ ഒരു അർത്ഥമുണ്ട്. പകലുള്ളിടത്തോളം ഞാൻ പ്രവർത്തിക്കുന്നു എന്ന ക്രിസ്തുവചനം സ്വന്ത ജീവിതത്തിൽ ഏറ്റു വാങ്ങിയ ആളാണ് പൗലോസ് അപ്പോസ്തോലൻ. ക്രിസ്തീയ സുവിശേഷത്തിനുവേണ്ടി ആദിമ നൂറ്റാണ്ടുകളിൽ ഏറ്റവുമധികം യാത്ര ചെയ്തയാളുമാണ് വി. പൗലോസ് ശ്ലീഹാ. എത്ര വേഗതയിലാണ് അദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരുന്നതെന്ന് അദ്ദേഹം സ്ഥാപിച്ച സഭകളുടെയും ക്രിസ്തീയ കേന്ദ്രങ്ങളുടെയും എണ്ണം നോക്കിയാൽ അറിയാം. ഒന്നല്ല 3 മിഷനറി യാത്രകളിലൂടെ മെഡിറ്ററേനിയൻ ലോകത്തിന്റെ മൂലയും കോണുമെല്ലാം അദ്ദേഹം സ്പർശിച്ചു. യെറുശലേമിൽനിന്ന് റോമാനഗരംവരെയുള്ള ഒരു വലിയ ഭൂവിഭാഗത്തെ അദ്ദേഹം ക്രിസ്തുവിന്റെ സുവിശേഷംകൊണ്ട് രൂപാന്തരപ്പെടുത്തി. ഇത് ഒരു തരത്തിലുള്ള വേഗതയാണ്.

ഒസ്താത്തിയോസ് തിരുമേനി, ഈ സുവിശേഷ വേഗതയുടെയും തീക്ഷ്ണതയുടെയും പൈതൃകം ഏറ്റു വാങ്ങിയ ആളാണ്. അതുകൊണ്ടാണ് അദ്ദേഹം പൗലോസ് ശ്ലീഹായെപ്പോലെ നടപ്പിലും എടുപ്പിലും വാക്കിലും പ്രവൃത്തിയിലും വേഗത കാണിച്ചത്. അതുകൊണ്ട് അദ്ദേഹത്തെ ഏതെങ്കിലും ഒരു സ്ഥലത്ത് ധ്യാനനിരതനായിരുന്ന് യാഥാർത്ഥ്യത്തെ മനനം ചെയ്യുന്ന ഒരു ഋഷിയോടോ അല്ലെങ്കിൽ വിശാലമായ ഗ്രന്ഥസഞ്ചയത്തിനിടയ്ക്ക് ഇരുന്ന് ആഴമായ പാണ്ഡിത്യം നേടുന്ന ഒരു പണ്ഡിതനോടോ താരതമ്യപ്പെടുത്തുക സാധ്യമല്ല. എന്നാൽ അതേ സമയം ധ്യാനത്തിന്റെയും പാണ്ഡിത്യത്തി ന്റെയും എല്ലാം അംശങ്ങൾ ഉൾക്കൊള്ളുവാൻ അദ്ദേഹത്തിന്റെ ദ്രുതഗമനത്തിനു സാധിച്ചു. പൗലോസ് ശ്ലീഹായുടെ കാര്യത്തിലും ഭൗതികമായ വേഗത അദ്ദേഹത്തെ ധ്യാനാത്മകമായ ആഴങ്ങളിൽ നിന്ന് വ്യതിചലിപ്പിച്ചില്ല. ആഴത്തെയും പരപ്പിനെയും ഒരുമിച്ചുൾക്കൊള്ളുവാൻ പൗലോസ് അപ്പോസ്തോലനു കഴിഞ്ഞു. ഇത് വേറൊരു തരത്തിൽ ഒസ്താത്തിയോസ് തിരുമേനിയെക്കുറിച്ചും പറയാം.

### ഉള്ളിലെ അഗ്നി

90-ാം വയസ്സിലും എന്തു കണ്ടാലും വായിക്കാനും അതിനെക്കുറിച്ചും അഭിപ്രായം പറയാനും ചർച്ചകൾ ആരംഭിക്കാനും അദ്ദേഹം കാണിക്കുന്ന തിടുക്കം തന്റെ ആദ്ധ്യാത്മികതയുടെ ഭാഗം തന്നെയാണ്. ഉദാഹരണമായി അദ്ദേഹത്തിന്റെ "അദ്വൈത സിദ്ധാന്തം" തന്നെ എടുക്കാം. ഭാഷാപരമായി ശരിയായ പ്രയോഗമാണെങ്കിലും താത്വികതലത്തിൽ ക്രിസ്തീയ വേദശാസ്ത്രമായി ചേർക്കാൻ പ്രയാസമുള്ള ഒരാശയമാണത്. ഇക്കാര്യം അദ്ദേഹത്തിന്റെ ശിഷ്യരും സ്നേഹിതരും ചൂണ്ടിക്കാണിക്കുകയും ചെയ്തു. എങ്കിലും അവരുടെ പ്രതികൂല വിമർശനങ്ങളെയും കൂടി ഉൾക്കൊണ്ടുകൊണ്ട് തന്റെ ചിന്തയ്ക്ക് പുതിയ മാനങ്ങൾ നൽകുവാൻ അദ്ദേഹം വ്യഗ്രത കാണിക്കുന്നു. ഇത് വേഗതയുടെ മറ്റൊരു മാനസിക - ബൗദ്ധിക ഭാവമാണ്.

ഈ വേഗത നമ്മുടെ യാഥാർത്ഥ്യത്തിന്റെ ഉള്ളിലുള്ള ഒരു ചൈതന്യമാണ്. ജഡവസ്തുക്കളെന്നും, അചേതനമെന്നും നാം പറയുന്ന വസ്തുക്കളുടെ ഉള്ളിൽ അതിദ്രുതമായ ചലനമുണ്ട്. അണുവിനുള്ളിൽ കണികകളും ഇലക്ട്രോണുകളും സഞ്ചരിക്കുന്ന വേഗത നമ്മുടെ സങ്കൽപ്പത്തിനതീതമാണ്. ഭൗതിക പ്രപഞ്ചത്തിലെ വിവിധ ശക്തികൾ (forces) തമ്മിലുള്ള സംഗമങ്ങളും സംഘർഷങ്ങളും വസ്തുവിനുള്ളിൽ നടക്കുന്നുണ്ട്. പക്ഷേ പുറമേ അത് അചേതനമായി നമുക്കു തോന്നുകയും ചെയ്യും. ഏതാണ്ട് ഇതേപോലെ തിരുമേനിയുടെ ആന്തരിക ചൈതന്യം എപ്പോഴും ദ്രുതഭാവമണിഞ്ഞ് സമൂഹത്തിനുള്ളിൽ അതിനെ പ്രചോദിപ്പിച്ചുകൊണ്ടിരിക്കുന്നു. ചെറുപ്പത്തിൽ കൽക്കത്തയിൽവച്ച് അദ്ദേഹം എഴുതിയ പുസ്തകത്തിന്റെ പേര്, New Life in an Old Church എന്നാണ്. അത് പ്രതീകാത്മകമായ ഒരു ശീർഷകമാണ്. കേസിലും വഴക്കിലും പെട്ട് ജാഡ്യതയാർന്ന ഒരു പുരാതന സഭയുടെ ആന്തരിക ചലനത്തെക്കുറിച്ചും ചൈതന്യത്തെക്കുറിച്ചുമാണ് ആ പുസ്തകത്തിൽ സംസാരിക്കുന്നത്.

നമ്മുടെ സമൂഹത്തെ സംബന്ധിച്ചും ഇതു ശരിയാണ്. അനീതിയും അഴിമതിയും മൂലം ജീർണ്ണാവസ്ഥയിൽ ദിശാബോധമില്ലാതെ നട്ടം തിരിയുന്ന ഒരു സമൂഹത്തിന്റെ ഉള്ളിൽ ജീവിച്ചുകൊണ്ടാണ് അദ്ദേഹം ചൈതന്യപൂർണ്ണമായ സ്വപ്നങ്ങൾ കൊരുക്കുന്നത്. ജാതി വർഗ വർണവ്യത്യാസങ്ങൾകൊണ്ട് ജഡീഭവിച്ച ഒരു സമൂഹത്തിനുള്ളിൽ Theology of a Classless Society എന്ന പ്രയോഗം സൃഷ്ടിക്കണമെങ്കിൽ തന്നെ അത്യപൂർവ്വമായ ആന്തരിക ചൈതന്യം ഒരു വ്യക്തിക്ക് ആവശ്യമാണ്. തിരുമേനിയുടെ ആത്മാവിന്റെ ദ്രുതചൈതന്യമാണ് ഇവിടെയും ഇതിനു കാരണമാകുന്നത്.

### ഭാവിയിലേക്ക് ഓടിക്കയറുന്ന മനുഷ്യൻ.

"ഭാവിയിലേക്ക് ഓടിക്കയറുന്ന മനുഷ്യൻ" എന്ന ശീർഷകം അദ്ദേഹത്തെപ്പറ്റി മുമ്പൊരു ലേഖനത്തിൽ ഞാൻ ഉപയോഗിച്ചിട്ടുണ്ട്. നാമൊക്കെ സാധാരണ ഗതിയിൽ കാലത്തിന്റെ ഇരകളാണ് ; എന്നുവച്ചാൽ കാലത്തിന്റെ ഒഴുക്കിൽ നാമൊക്കെ ഒഴുകിപ്പോകുന്നു എന്നർത്ഥം. നമ്മുടെ വേഗത ആ കാലപ്രവാഹത്തിന്റെ വേഗത മാത്രമാണ്. അതുകൊണ്ട് നമ്മുടെ അടുത്തേക്ക് വരുന്നതാണ് നമ്മെ സംബന്ധിച്ച ഭാവി. എന്നാൽ തിരുമേനി പ്രവാഹ വേഗതയ്ക്ക് മുമ്പായി നീന്തിക്കടന്ന് ഭാവിയെ സൃഷ്ടിക്കുന്ന ആളാണ്. ഇതൊരു ദാർശനികന്റെയും പ്രവാചകന്റെയും ധർമമാണ്. മറ്റാളുകൾ കാണാത്ത ദൂരത്തിൽ കാണുകയും ഭാവി സമാഗതമാകുന്നതിനു മുമ്പുതന്നെ ഓടിക്കയറി ഭാവിയെ രൂപപ്പെടുത്തുകയും ചെയ്യുക. ഇങ്ങ

നെയുള്ള ആളുകൾ ലോകത്തിലില്ലെങ്കിൽ നാമൊക്കെ ഒഴുക്കിൽപ്പെടുകയും ഒഴുക്ക് എവിടേക്ക് കൊണ്ടുപോകുന്നോ അവിടേക്ക് മാത്രം പോവുകയും ചെയ്യും. എന്നാൽ ഭാവിയെ സൃഷ്ടിക്കുന്നവർ, പുതിയ ലോകത്തെ സൃഷ്ടിക്കുന്നവരാണ്. അവർ ദൈവരാജ്യത്തെ 'ബലാല്ക്കാരം' ചെയ്യുന്നവരാണ്. അങ്ങനെ പുതിയ ലോകങ്ങൾ നിരന്തരം സൃഷ്ടിക്കപ്പെടുന്നില്ലെങ്കിൽ മനുഷ്യനു ഭാവിയില്ല എന്നർത്ഥം. പിന്നെ വെറും കാലപ്രവാഹം മാത്രമാണ്. ആ പ്രവാഹത്തിൽ കടപുഴകി ഒഴുകുന്ന മരങ്ങളെപ്പോലെ അല്ലെങ്കിൽ ഒഴുക്കിൽ ഒതളങ്ങപോലെ നാമൊക്കെ എവിടെയെങ്കിലും ചെന്ന് അടിയുന്നു എന്നു മാത്രം.

ദൈവം നമുക്കു നൽകിയ സർഗശക്തി (Creativity) യാണ് നമ്മുടെ ദൈവ സ്വരൂപ (Image of God) ത്തിന്റെ കാതൽ. ഈ സർഗശേഷികൊണ്ടാണ് നാം നമ്മെത്തന്നെയും നമ്മോടൊപ്പം ലോകത്തെയും ദൈവസാദൃശ്യത്തിൽ രൂപാന്തരപ്പെടുത്തുന്നത്. അങ്ങനെ നമ്മുടെ സമൂഹത്തെ രൂപാന്തരപ്പെടുത്തുന്ന അല്ലെങ്കിൽ ദൈവീകരിക്കുന്ന സർഗചൈതന്യമാണ് തിരുമേനിയുടെ വേഗതയുടെ സാരാംശം. World Social Forum അതിന്റെ മുദ്രാവാക്യമായി സ്വീകരിച്ചിരിക്കുന്നത് "Another World is Possible" എന്നാണ്. തിരുമേനിയുടെ ഓരോ പ്രസംഗവും കേൾക്കുമ്പോൾ നാം പ്രചോദിതരാകുന്നു; ഭാവിയെ സൃഷ്ടിക്കണം എന്ന അദമ്യമായ ആഗ്രഹം നമ്മിലുളവാകുന്നു. വേറൊരു ലോകം സാധ്യമാണ് എന്നു നമുക്കു ബോധ്യപ്പെടുകയും ചെയ്യുന്നു. ഇതാണ് യഥാർത്ഥത്തിൽ സുവിശേഷത്തിന്റെ ചാലകശക്തി. ഈ അർത്ഥത്തിൽ തിരുമേനി വലിയ ഒരു സുവിശേഷകനാണ്. ആളുകളെ മതം മാറ്റി, സഭയിൽ കൂട്ടി നമ്മുടെ സംഘശക്തി വർദ്ധിപ്പിക്കുക എന്ന സാധാരണ പാശ്ചാത്യ മാതൃകയിലുള്ള സുവിശേഷയജ്ഞത്തിൽ നിന്ന് തിരുമേനിയുടെ പ്രവർത്തനം വ്യത്യസ്തമാകുന്നത് ഇവിടെയാണ്. അതുകൊണ്ടാണ് മതം മാറ്റമല്ല മനംമാറ്റമാണ് ആവശ്യം എന്ന് തിരുമേനി എപ്പോഴും ഊന്നിപ്പറയുന്നത്.

### ലക്ഷ്യത്തിന്റെ ഏകാഗ്രത

വേഗതയുടെ മറ്റൊരു പ്രധാനപ്പെട്ട സ്വഭാവം പ്രധാനവും അപ്രധാനവുമായ കാര്യങ്ങളെ തമ്മിൽ വേർതിരിച്ചറിയാൻ അതിനു സാധിക്കുന്നു എന്നാണ്, ഒരു പ്രധാനപ്പെട്ട ദൗത്യവുമായി നാം ഒരിടത്തേക്കു പോകുമ്പോൾ നമ്മൾ പാഞ്ഞുപോകുകയാണ്. ഇടയ്ക്ക് നിന്ന് പട്ടിയോടും പൂച്ചയോടും വർത്തമാനം പറഞ്ഞ് സമയം കളയാറില്ല. മലയാളത്തിൽ പറയാറുണ്ടല്ലോ 'വായുഗുളികയ്ക്കു പോവുക' എന്ന്. മരിക്കാറായി വായു വലിച്ചു കിടക്കുന്ന ആളിനുവേണ്ടിയാണ് വായുഗുളിക കൊണ്ടുപോകുന്നത്. ഇതുപോലെ ജീവൻമരണ സമരത്തിലാണ് തിരുമേനിയും. അതുകൊണ്ട് വേഗത കൂടപ്പിറപ്പാണ്. കൊച്ചു കാര്യങ്ങൾക്കുവേണ്ടി അദ്ദേഹം സമയം കളയാറില്ല. വിദ്യാർത്ഥികളായിരിക്കുമ്പോൾ ഞങ്ങളെ പ്രത്യേകതരം കണക്കു പഠിപ്പിക്കുമായിരുന്നു. 30 പേരുള്ള ഒരു ക്ലാസ്സിൽ അഞ്ചു മിനിട്ട് ഞങ്ങൾ അലസമായിരുന്നാൽ അദ്ദേഹം പറയും, ഒരാൾക്ക് 5 മിനിട്ട് വച്ച് 30 പേർക്ക് 150 മിനിട്ട് ആണ് നമുക്കു നഷ്ടപ്പെട്ടിരിക്കുന്നത് എന്ന്. ഇവിടെ സമൂഹത്തെക്കുറിച്ചുള്ള ഒരു വലിയ സങ്കല്പമുണ്ട്. ഒരു വ്യക്തിയുടെ സമയം അയാൾക്കുവേണ്ടി മാത്രമുള്ളതല്ലെന്നും അതിന്റെ നഷ്ടം സമൂഹത്തിന്റെ നഷ്ടമാണെന്നും അതിന്റെ ശരിയായ വിനിയോഗം സമൂഹത്തിന്റെ നേട്ടമാണെന്നും അദ്ദേഹം എപ്പോഴും വിശ്വസിച്ചിരുന്നു. അതുകൊണ്ട് എപ്പോഴും സുവിശേഷത്തിന്റെ കാതലായ ദൗത്യത്തിലേക്ക് അദ്ദേഹം വിരൽ ചൂണ്ടി, ഞാൻ വിശന്നിരുന്നു, നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നു, ദാഹിച്ചിരുന്നു; നിങ്ങൾ എനിക്കു കുടിപ്പാൻ തന്നു . ഇത് സുവിശേഷത്തിന്റെ കാതലാണ്; കാരണം അന്ത്യന്യായവിധിയിൽ സൃഷ്ടാവ് ഉപയോഗിക്കുന്ന ഏക മാനദണ്ഡം ഇതാണ്. വേദശാസ്ത്രപരമോ, ഭാഷാപരമോ താത്വികമോ ആയ ശരിയും തെറ്റുമല്ല അവിടെ മാനദണ്ഡം. ഈ ചെറിയവർക്കായി നിങ്ങൾ എന്തു ചെയ്തു എന്നാണ് ചോദ്യം. കർത്താവിന്റെ പരസ്യശുശ്രൂഷയുടെ ആത്മാവിലും അതാണല്ലോ നമ്മൾ കാണുന്നത്. നസ്രേത്തിലെ പള്ളിയിൽ വേദപുസ്തകം വായിച്ച കർത്താവ് യെശയ്യാ പ്രവാചകന്റെ പ്രസിദ്ധമായ വാക്യമാണല്ലോ ഉരുവിട്ടത്:

"ദരിദ്രന്മാരോടു സുവിശേഷം അറിയിക്കുവാൻ കർത്താവ് എന്നെ അഭിഷേകം ചെയ്യുകയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്; ബദ്ധൻമാർക്ക് വിടുതലും കുരുടൻമാർക്ക് കാഴ്ചയും പ്രസംഗിക്കുവാനും പീഡിതൻമാരെ വിടുവിച്ചയക്കുവാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിക്കുവാനും എന്നെ അയച്ചിരിക്കുന്നു". ഈ രണ്ട് വേദഭാഗങ്ങൾ എടുത്ത് നോക്കുമ്പോൾ സുവിശേഷത്തിന്റെ കാതലായ ദൗത്യം എന്താണെന്ന് നമുക്കു മനസ്സിലാകും. തിരുമേനി അത് മനസ്സിലാക്കിയതുകൊണ്ടാണ് തന്റെ സുവിശേഷ പ്രസംഗത്തെ നിരന്തരമായ മനുഷ്യസേവന പ്രവർത്തനങ്ങളിലൂടെ പൂർത്തീകരിച്ചത്. മിഷൻ എന്നു പറഞ്ഞാൽ അദ്ദേഹത്തെ സംബന്ധിച്ച് ദൈവത്തിന്റെ മനുഷ്യസ്നേഹത്തിന്റെ സാക്ഷാത്കാരമാണ്.

### കേവലമായ പ്രകാശം

വേഗത ആപേക്ഷികവും കേവലവുമായ ഭാവങ്ങളിൽ കാണപ്പെടുന്നു. ഇപ്പോൾ നമുക്കറിയാവുന്ന കേവലമായ വേഗത (absolute speed) പ്രകാശത്തിന്റെ വേഗതയാണ്. കാരണം ഒരു സെക്കന്റിൽ 3 ലക്ഷം കി.മീ. സഞ്ചരിക്കുന്ന പ്രകാശമാണ് മറ്റെല്ലാ വേഗങ്ങളുടെയും അളവുകോൽ. അതുകൊണ്ട് എല്ലാ വേഗതകളും പരസ്പരം ആപേക്ഷികമാണ്. മലയാളിയായ ഭൗതിക ശാസ്ത്രജ്ഞൻ ജോർജ്ജ് സുദർശന്റെ സിദ്ധാന്തമനുസരിച്ച് ഈ വേഗതയെയും മറികടക്കുന്ന വേഗത പ്രപഞ്ചത്തിലുണ്ടാകാം. അങ്ങനെ വന്നാൽ ഐൻസ്റ്റീൻ ഉന്നയിച്ച ആ സിദ്ധാന്തവും മാറ്റിയെഴുതേണ്ടിവരും.

തിരുമേനിയുടെ വേഗതയെ ഈയൊരു തലത്തിലും നമുക്കു വ്യാഖ്യാനിക്കാവുന്നതാണ്. ലോകത്തിലെ എല്ലാത്തിനെയും ആപേക്ഷികമാക്കുന്ന സർവ്വംസ്പർശിയായ വേഗതയാണ് ക്രിസ്തുവിന്റെ സുവിശേഷത്തിനുള്ളത്. ഇതിന്നൊരു പ്രവാചകശേഷിയുണ്ട്. കാരണം ഈ ലോകത്തിൽ സുസ്ഥിരമെന്നും സുസംഘടിതമെന്നും ഒക്കെ നാം വിളിക്കുന്ന സാമൂഹ്യക്രമങ്ങളെയും വ്യവസ്ഥകളെയും സ്ഥാപനങ്ങളെയും എല്ലാം ആപേക്ഷികമാക്കുന്നതിനും മാറ്റിമറിക്കുന്നതിനും സുവിശേഷത്തിന്റെ ആത്യന്തിക വേഗതയ്ക്ക് സാധിക്കും. അതാണ് നമ്മുടെ ദൈവരാജ്യ സങ്കല്പം.

ഈ ഭൂമിയിലെ രാജധാനിപോലെ വൻകോട്ടകളുള്ള സുസ്ഥിരമായ ഒരു രാജധാനിയായല്ല ദൈവരാജ്യത്തെ നാം കാണേ

ണ്ടത്. തീവ്രമായ വേഗതയിൽ സർവ്വത്തെയും രൂപാന്തരപ്പെടുത്തുകയും വേണ്ടിവന്നാൽ ഭസ്മീകരിക്കുകയും പുനഃസൃഷ്ടിക്കുകയും ചെയ്യുന്ന കേവല പ്രകാശത്തിന്റെ അനുഭവമാണ് ദൈവരാജ്യം. കർത്താവിന്റെ സുവിശേഷം എപ്പോഴും ദൈവരാജ്യത്തെക്കുറിച്ചായിരുന്നു. അവിടെ സൂര്യനില്ല, ചന്ദ്രനില്ല, രാവും പകലുമില്ല, ദേവാലയമില്ല, പുരോഹിതരില്ല, നെടുംകോട്ടകളില്ല, സൈന്യങ്ങളില്ല, ഭരണചക്രം തിരിക്കുന്നവരുമില്ല. വെളിപാട് പുസ്തകം പറയുന്നതുപോലെ ദൈവം തന്നെ അവിടെ നിത്യപ്രകാശമാണ്. സ്ഫടിക സമാനമായ സുതാര്യതയാണ് ദൈവരാജ്യത്തിന്റെ അനുഭവം. ജീവന്റെ നദിയും ജീവന്റെ വൃക്ഷവും അവിടെ ഉണ്ട്. ഓരോ മാസവും പ്രത്യേകമായ ഫലം കൊണ്ട് 12 മാസവും നമ്മെ അനുഗ്രഹിക്കുന്ന അപൂർവ്വ വൃക്ഷമുണ്ട്.

ഈ ചിത്രങ്ങളെല്ലാം വൈരുദ്ധ്യാധിഷ്ഠിതമാണ്. ഇപ്പോഴുള്ള നമ്മുടെ വ്യവസ്ഥകളെയും സങ്കല്പങ്ങളെയും വിരുദ്ധമാക്കി അർത്ഥശൂന്യമാക്കാൻ മനഃപൂർവ്വം ഉപയോഗിക്കുന്ന ചിത്രങ്ങളും അലങ്കാര പ്രയോഗവും ആണത്. സുവിശേഷത്തിന്റെ ദൈവരാജ്യഭാവം എന്താണെന്ന് ഇന്നു പൂർണ്ണമായും മനസ്സിലാക്കാൻ സാധ്യമല്ല. വേഗതയുടെയും ആപേക്ഷികതയുടെയും ശാസ്ത്രീയസങ്കല്പങ്ങൾ നമ്മുടെ ഭൗതികമായ കാഴ്ചപ്പാടുകളെ എങ്ങനെ മാറ്റി മറിക്കുന്നുവോ അങ്ങനെ സുവിശേഷത്തെക്കുറിച്ചുള്ളതായ നമ്മുടെ സാധാരണ സങ്കല്പങ്ങൾ തിരുത്താൻ സഹായിക്കുന്ന ഒരു അലങ്കാര പ്രയോഗം കൂടിയാണ് വേഗത. അതുകൊണ്ട് തിരുമേനിയുടെ നടപ്പിലും വാക്കിലും ചിന്തയിലുമുള്ള വേഗത അടുത്തറിയുന്നവർക്ക് സുവിശേഷത്തെ പഴയപടി വായിക്കാനാവില്ല. ഒരേ നദിയിൽ ഒന്നിലധികം പ്രാവശ്യം ഒരാൾക്കു ചവിട്ടാനാവില്ല എന്ന് ഗ്രീക്കു ദാർശനികൻ ഹെറാക്ലീറ്റസ് പറഞ്ഞതുപോലെ തിരുമേനിയുടെ കാഴ്ചപ്പാടിൽ സുവിശേഷത്തെ ഒരേ കാഴ്ചപ്പാടിൽ വീണ്ടും നമുക്കു വായിക്കാനാവില്ല. അതിന്റെ അതിദ്രുതമായ ചലനവും സർവ്വതലസ്പർശിയായ ചേതനയും നവംനവങ്ങളായ ലോകങ്ങളെ അനാവരണം ചെയ്യാനുള്ള അതിന്റെ ആദ്ധ്യാത്മിക ശേഷിയും ആണ് തിരുമേനിയുടെ വേഗതയിൽ നമുക്കു അനുഭവപ്പെടുന്നത്.

*വിശ്വസ്നേഹദർശനം* എഡിറ്റോറിയൽ അഡ്വൈസർ **ലെജു പി. തോമസി** നോട് പറഞ്ഞത്